വെള്ളപ്പൊക്കവും കൃഷിനാശവും മൂലം കഷ്ടപ്പെടുന്ന കർഷകരുടെ പേരിലുള്ള ജപ്തി നടപടികൾ

1253. [1709] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വെള്ളപ്പൊക്കവും കൃഷിനാശവുംമൂലം കഷ്ടപ്പെടുന്ന കർഷകരെ രക്ഷിക്കാൻ കാർഷിക വായ്പയിനത്തിലും മറ്റും കൃഷിക്കാർ എടുത്ത കടത്തിൻമേൽ നടത്തുന്ന എല്ലാ ജപ്തി നടപടികളും നിറുത്തിവെയ്ക്കാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

ചെറുകിട കർഷകരുടെ കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

ചെറുകിട വ്യവസായ ഘടകങ്ങളുടെ പരസ്യം, പ്രചരണം എന്നിവയ്ക്കായി അനുവദിച്ച തുക

1254. [1712] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1983-84 സാമ്പത്തിക വർഷത്തിൽ ചെറുകിട വ്യവസായ ഘടകങ്ങളുടെ പരസ്യം, പ്രചരണം എന്നിവയ്ക്കായി എത്ര രൂപ അനുവദിച്ചു ;

(ബി) എത്ര രൂപ ചെലവാക്കി ;

(സി) ഈ തുക ലാപ്സായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആരാണ് ഉത്തരവാദി ;

(ഇ) ഇത് ആവർത്തിക്കാതിരിക്കാനായി ഗവൺമെൻറ് നടപടികൾ എടുക്കുമോ ?

ഉത്തരം

(എ) 90,000 രൂപ.

(ബി) 81,994 രൂപ ചെലവാക്കി.

(സി) 2,006 രൂപ ചെലവായിട്ടില്ല.

(ഡി, ഇ) ഗവൺമെൻറിന്റെ സാമ്പത്തിക നിയന്ത്രണ ഉത്തരവു മൂലമാണ് മുഴുവൻ തുകയും ചെലവാകാതിരുന്നത്. ഈ സാമ്പത്തിക വർഷത്തിലേക്കുള്ള ബഡ്ജറ്റിൽ ഈ പദ്ധതി ഉൾപ്പെടുത്തിയിട്ടില്ല.

ചെറുകിട വ്യവസായ ഘടകങ്ങൾക്ക് വിൽപന നികുതി വായ്പയാക്കി കൊടുക്കുന്ന പദ്ധതി

1255. [1713] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട വ്യവസായ ഘടകങ്ങൾക്ക് വിൽപ്പന നികുതി വായ്പയാക്കി കൊടുക്കുന്ന ഒരു പദ്ധതി ഉണ്ടോ ; ഉണ്ടെങ്കിൽ ഇതനുസരിച്ച് 1983-84 സാമ്പത്തിക വർഷത്തിൽ എത്ര രൂപ ചെലവായി ;

LIBRARY ARCHIVES Kerala Legislative Assembly